# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 247

21/06/2012 ൽ മറുപടിക്ക്

## സ്കൂൾ ഉച്ചഭക്ഷണ പദ്ധതി

**ചോദ്യം**

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
,, ജെയിംസ് മാത്യു :
പ്രൊഫ സി. രവീന്ദ്രനാഥ് :
ശ്രീ. ആർ. രാജേഷ് :

എ) സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണത്തിൽ അപാകതയുണ്ടെന്ന കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം നിയോഗിച്ച ദൗത്യസംഘത്തിന്റെ വിലയിരുത്തൽ വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രധാന വിലയിരുത്തലുകൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ;

**ഉത്തരം**

ശ്രീ.പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

എ) ഉണ്ട്. ദൗത്യസംഘത്തിന്റെ പ്രധാന വിലയിരുത്തലുകൾ ചുവടെ ചേർക്കുന്നു.

1) സ്കൂൾതലം സബ്ജില്ലാ തലം, ജില്ലാ തലം, ഡയറക്ടറേറ്റ് തലം, സംസ്ഥാനതലം എന്നിവയിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതി മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം നിലവിൽ ദുർബലമാണ്. ഇത് ശക്തിപ്പെടുത്തണം.

2) യഥാവസരം ഫണ്ട് സ്കൂൾ തലത്തിൽ ലഭ്യമാകുന്നില്ല.

3) ഭക്ഷണ പാചക ചെലവിനത്തിൽ നൽകുന്ന തുക വളരെ കുറവാണ്.

4) ഉച്ചഭക്ഷണ പരിപാടി മോണിറ്റർ ചെയ്യുന്നതിനും, ഇതുമായി ബന്ധപ്പെട്ട സ്കൂൾതല പ്രവർത്തനങ്ങൾ നേരിട്ട് റിപ്പോർട്ട് ചെയ്യുന്നതിനു ആവശ്യമായ ഓൺലൈൻ സംവിധാനം നിലവിലില്ല.

5) പുകയില്ലാത്തതും, ദക്ഷത കൂടിയതുമായ അടുപ്പിന്റെ അപര്യാപ്തത.

6) കുട്ടികളുടെ എണ്ണത്തിനു ആനുപാതികമായ സ്കൂൾ പാചക തൊഴിലാളികളുടെ എണ്ണത്തിന്റെ കുറവ്.

7) എല്ലാ ദിവസവും ഒരേ രീതിയിലുള്ള ഭക്ഷണം നൽകൽ വിരസത ഉണ്ടാക്കുന്നു.

8) കുട്ടികളിൽ ആരോഗ്യ പരിശോധനയും, ഹെൽത്ത് കാർഡും നൽകുന്നില്ല.

9) വൃത്തിയും, പോഷക സമൃദ്ധമായ ആഹാരം പാചകം

(.....2)

ചെയ്യുന്നതിനും പാചക തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം നൽകുന്നില്ല.

10) പാചകതൊഴിലാളികൾക്ക് കൃത്യമായി വേതനം നൽകുന്നില്ല.

ബി) ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് അന്വേഷിക്കുന്നതിനും വിലയിരുത്തുന്നതിനും നിലവിലുള്ള സംവിധാനവും അതിന്റെ പ്രവർത്തനങ്ങളും സംബന്ധിച്ച് വിശദമാക്കുമോ;

ബി) സ്കൂൾ തലത്തിൽ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പ് സ്കൂൾ നൂൺ ഫീഡിംഗ് കമ്മിറ്റിയുടെ പൂർണ്ണചുമതലയിലാണ്. സ്കൂൾ പി.റ്റി.എ. പ്രസിഡന്റ് ചെയർമാനും, ഹെഡ്മാസ്റ്റർ കൺവീനറും (മെമ്പർ സെക്രട്ടറി) ആയിട്ടുള്ള കമ്മിറ്റിയിൽ വാർഡ് മെമ്പർ, രണ്ട് അദ്ധ്യാപകർ (ഒരാൾ വനിത), ഒരു മദർ പി.റ്റി.എ. അംഗം. എസ്.സി./എസ്.റ്റി വിഭാഗത്തിൽപ്പെട്ട രക്ഷകർത്താക്കളുടെ രണ്ടു പ്രതിനിധികൾ എന്നിവർ അംഗങ്ങളാണ്. ഉച്ചഭക്ഷണപദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ ഈ കമ്മിറ്റി അവലോകനം ചെയ്യേണ്ടതാണ്.

ഉപജില്ലയിൽ ഉച്ചഭക്ഷണ പദ്ധതിയുടെ മോണിറ്ററിംഗ് ഉപജില്ലാതല സ്റ്റിയറിംഗ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ മെമ്പർ സെക്രട്ടറിയുമാണ്. മെഡിക്കൽ ഓഫീസർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ചൈൽഡ് ഡെവലപ്മെന്റ് വിദഗ്ധർ, ശിശുക്ഷേമ മേഖലയിലെ പ്രതിനിധികൾ. ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ, അദ്ധ്യാപക പ്രതിനിധികൾ എന്നിവർ ടി കമ്മിറ്റിയിലെ അംഗങ്ങളാണ്. വർഷത്തിൽ രണ്ട് തവണയെങ്കിലും കമ്മിറ്റി യോഗം ചേരേണ്ടതാണ്.

ജില്ലയിലെ പദ്ധതിയുടെ മോണിറ്ററിംഗ് റവന്യൂ-ജില്ലാതല സ്റ്റിയറിംഗ് കം- മോണിറ്ററിംഗ് കമ്മിറ്റിയുടെ ചുമതലയിലാണ്. ജില്ലാ കളക്ടർ ചെയർമാനും, വിദ്യാഭ്യാസ ഉപഡയറക്ടർ മെമ്പർ സെക്രട്ടറിയുമായ ടി കമ്മിറ്റിയിൽ ജില്ലാ മെഡിക്കൽ ആഫീസർ, ഫുഡ് സിവിൽ സപ്ലൈസ് ഓഫീസർ, എഫ്.സി.എ. ചൈൽഡ് ഡെവലപ്പ്മെന്റ് വിദഗ്ധർ, ശിശുക്ഷേമ മേഖലയിലെ പ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് പ്രതിനിധികൾ, മുനിസിപ്പൽ വാർഡ് അംഗങ്ങൾ, അദ്ധ്യാപക പ്രതിനിധികൾ എന്നിവർ

ഉൾപ്പെടുന്നതാണ്. വർഷത്തിൽ രണ്ടു തവണയെങ്കിലും കമ്മിറ്റി യോഗം ചേരേണ്ടതാണ്.

സംസ്ഥാന തലത്തിൽ പദ്ധതിയുടെ മോണിറ്ററിംഗ് സംസ്ഥാന തല സ്റ്റിയറിംഗ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ചുമതലയിലാണ്. പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ചെയർമാനും, പൊതു വിദ്യാഭ്യാസ ഡയറക്ടർ മെമ്പർ സെക്രട്ടറിയുമായ കമ്മിറ്റിയിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, എസ്.എസ്.എ., സോഷ്യൽ വെൽഫയർ, സിവിൽ സപ്ലൈസ്, ആരോഗ്യം എന്നീ വകുപ്പുകളിലെ ഡയറക്ടർമാർ, പീഡിയാട്രീഷ്യൻ, ന്യൂട്രീഷ്യൻ, ചൈൽഡ് ഡെവലപ്മെന്റ് ഓഫീസർ, അദ്ധ്യാപക പ്രതിനിധികൾ, സീനിയർ നൂൺമീൽ ഓഫീസർ, അഡീഷണൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ എന്നിവർ അംഗങ്ങളാണ്. വർഷത്തിൽ രണ്ടു തവണയെങ്കിലും കമ്മിറ്റി യോഗം ചേരേണ്ടതാണ്. പദ്ധതിയുടെ മോണിറ്ററിംഗിന്റെ ഭാഗമായ ഓരോ ജില്ലയിലും ഓരോ നൂൺഫീഡിംഗ് സൂപ്പർ വൈസർമാരെ നിയമിച്ചിട്ടുണ്ട്. ഈ ഓഫീസർമാർ അവരുടെ ജില്ലകളിലെ സ്കൂളുകൾ സന്ദർശിച്ച് ഉച്ചഭക്ഷണ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുന്നതാണ്. ഡയറക്ടറേറ്റ് തലത്തിൽ ഒരു സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ഒരു ജൂനിയർ സൂപ്രണ്ട്, ഏഴ് ക്ലാർക്ക്, ഒരു പ്യൂൺ എന്നിവരും ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു വരുന്നു.

| | |
|---|---|
| സി) സംസ്ഥാനത്തെ സ്കൂളുകളിൽ ഇപ്പോൾ ഉച്ചഭക്ഷണപദ്ധതിയുടെ ഭാഗമായി എന്തെല്ലാം വിതരണം ചെയ്തുവരുന്നുണ്ട്; വിതരണത്തിലെ പോരായ്മകളായി പരിഗണിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ്? | സി) പ്രീ-പ്രൈമറി, പ്രൈമറി, അപ്പർ പ്രൈമറി വിഭാഗത്തിൽ പ്രതിദിനം യഥാക്രമം 30 ഗ്രാം, 100 ഗ്രാം, 150 ഗ്രാം എന്നീ അളവിൽ അരിയും, 15 ഗ്രാം, 30 ഗ്രാം, 8- ാം ക്ലാസിൽ 50 ഗ്രാം എന്നീ ക്രമത്തിൽ പയറും കൂടാതെ 7-ാം ക്ലാസ് വരെ ആഴ്ചയിൽ ഒരു ദിവസം ഒരു മുട്ടയും, എട്ടാം ക്ലാസ് തലം വരെ ആഴ്ചയിൽ രണ്ട് ദിവസം 150 മിലി. വീതം പാലും നൽകി വരുന്നതാണ് നിലവിലെ രീതി.<br>എന്നാൽ 16.6.2012 ലെ |

സ.ഉ.(സാധാ) നം. 2814/2012/പൊ.വി. പ്രകാരം ഉച്ചഭക്ഷണ ഗുണഭോക്താക്കളായ സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രാദേശിക സാഹചര്യങ്ങൾ കൂടി കണക്കിലെടുത്ത് പോഷക സമൃദ്ധമായ ആഹാരം നൽകുന്നതിനും നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിലേക്കായി ഒരു അദ്ധ്യയന വർഷത്തേക്ക് കുട്ടി ഒന്നിന് ഒരു നിശ്ചിത തുക നിശ്ചയിച്ച് ആയത് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും ഇ-ട്രാൻസ്ഫർ മുഖേന സ്കൂൾ പ്രഥമ അദ്ധ്യാപകർക്ക് നേരിട്ട് മുൻകൂട്ടി നൽകുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശ അംഗീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെപറയുന്നവയാണ്.

1) 100 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ പ്രതിദിനം കുട്ടി ഒന്നിന് 4 രൂപയും പാചകകൂലി ഇനത്തിൽ 150/- രൂപയും അനുവദിക്കുന്നതിന്.

2) 101 മുതൽ 500 വരെ കുട്ടികളുള്ള സ്കൂളിൽ കുട്ടി ഒന്നിന് പ്രതിദിനം 5 രൂപാ നിരക്കിൽ അനുവദിക്കുന്നതിന്.

3) 501-ന് മുകളിൽ കുട്ടികളുള്ള സ്കൂളിൽ 500 കുട്ടികൾ വരെ 5 രൂപാ നിരക്കിലും അതിൽക്കൂടുതൽ വരുന്ന കുട്ടികൾക്ക് പ്രതിദിനം കുട്ടി ഒന്നിന് 4 രൂപാ നിരക്കിലും അനുവദിക്കുന്നതിന്.

4) പാചക തൊഴിലാളി ചെലവിനായി 100 കുട്ടികൾ വരെ ഒന്നിനു പ്രതിദിനം 1.50 രൂപ നിരക്കിലും 100 കുട്ടികളിൽ കൂടുതൽ വരുമ്പോൾ കുട്ടി ഒന്നിന് 0.25 രൂപ ( പരമാവധി 200 രൂപ) നിരക്കിലും നൽകുന്നതിന്.

5) പലവ്യഞ്ജനങ്ങൾ വാങ്ങിക്കൽ, ട്രാൻസ്പോർട്ടേഷൻ, പാചകം എന്നിവക്കു ശേഷം മിച്ചം വരുന്ന തുക ഗുണമേന്മയുള്ള ഭക്ഷണം ഉറപ്പുവരുത്തുന്നതിനായുള്ള സാധന സാമഗ്രികൾ വാങ്ങുന്നതിനോ, ഇതര ചെലവുകൾക്കോ, നൂൺമീൽ കമ്മിറ്റിയുടെ നിർദ്ദേശ

(.......5)

ങ്ങൾക്ക് വിധേയമായി സ്കൂൾ തലത്തിൽ ചെലവഴിക്കുന്നതിന്.

സ്കൂൾ അധികൃതർ മാവേലി സ്റ്റോറിൽ ചെല്ലുമ്പോൾ അതാത് ദിവസം മാവേലി സ്റ്റോറിൽ ഉള്ള അരി, പയർ, കടല, പരിപ്പ് എന്നിവയിൽ ഏതാണോ അതു മാത്രമേ ലഭിക്കുന്നുള്ളൂ. ആയതിനാൽ ടി കാര്യങ്ങൾക്കു വേണ്ടി മാവേലിസ്റ്റോറിൽ വീണ്ടും പോകേണ്ട സ്ഥിതിവിശേഷം ഉണ്ടാകുന്നു. അതുമൂലം സ്കൂൾ അധികൃതർക്ക് ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ അധിക തുക ചെലവാകുന്നു: പാൽ സംഭരണത്തിനും, മുട്ട ശേഖരിക്കു ന്നതിനും സംസ്ഥാനത്തിന്റെ ചില സ്ഥലങ്ങളിൽ പ്രയാസം അനുഭവ പ്പെടുന്നതായി സ്കൂളധികൃതർ പരാതി പറയുന്നുണ്ട്.

സെക്ഷൻ ഓഫീസർ